
# ഓർമ്മത്താള്‍



# ആമുഖം

തൃശ്ശൂർ ജില്ലയിലെ മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയങ്ങളിൽ ഒന്നായ ഹൈസ്കൂൾ അന്തിക്കാട് സപ്തതി ആഘോഷിക്കുന്ന ഈ വേളയിൽ നമ്മുടെ വിദ്യാലയത്തിലെ കുരുന്നു പ്രതിഭകളുടെ കലാ ലോകമാണ് മാഗസിൻ നിങ്ങൾക്കുമുൻപിൽ തുറന്നു വെയ്ക്കുന്നത്. പഴയ ചരിത്രത്തിന്റെ എത്തിനോട്ടവും പുതിയ തലമുറയുടെ ഭ്രമങ്ങളും വർത്തമാന കാലത്തിന്റെ തെളിവുകളും നിറച്ച ഈ മാഗസിൻ കലയുടേയും സാഹിത്യത്തിന്റേയും ജാലകം ഒരുപോലെ തുറന്നുകാട്ടുന്നു. കേരളക്കരയെ പിടിച്ചു കുലുക്കി ചർച്ചാവിഷയമായ പ്രളയവും വിദ്യാർത്ഥികളുടെ ഭാവനകളിൽ വിരിഞ്ഞ ജീവിതങ്ങളും മാഗസീനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വായനക്കാരുടെ പിന്തുണയും മനസ്സ് നിറഞ്ഞ ആശീർവാദങ്ങളും പ്രതീക്ഷിക്കുന്നു.

# ഉള്ളടക്കം

1.സ്കൂൾ ചരിത്രം..........................................................................4-5
2.സ്കൂൾ ചിത്രങ്ങൾ...................................................................6
3.സ്കൂൾ ചിഹ്നം.........................................................................7
4.വ്യർഥമാം കണ്ണുനീർ(കവിത)...................................................8
5.ബാല്യം(കവിത).......................................................................9
6.അമ്മ(കവിത)..........................................................................10
7.ജീവിതരാഗം(കവിത)...............................................................11
8.ഒരു ഓർമ്മപ്പെടുത്തലായ്(കഥ)...............................................12
9.സിനിമാ നിരൂപണം..............................................................13-16
10.ബ്ലൂ ആർമി ചിത്രങ്ങൾ............................................................17
11.എസ്.പി.സി.ചിത്രങ്ങൾ...........................................................18
12.സ്കൂളിലെ ചിത്രങ്ങൾ...............................................................19
13.പ്രളയം ചിത്രങ്ങൾ....................................................................20
14.പ്രളയം ലേഖനം.......................................................................21
15.ഒറ്റയ്ക്കുള്ള യാത്രയിൽ ഒരപകടം(കഥ)...................................22-25

# എച്ച് എസ് അന്തിക്കാട്

# ചരിത്രം

കർഷകതൊഴിലാളികളും ചെത്ത് തൊഴിലാളികളും പിന്നോക്കവിഭാഗക്കാരും ആയ ഏറെ പേരുടെ വിദ്യാഭ്യാസ നിർവഹണം അസാധ്യമായിരുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ തല്പരരായ ഏതാനും വക്തികൾ ചേർന്ന് നടത്തിയ കൂട്ടായ ശ്രമത്തിന്റ ഫലമായാണ് സ്കൂള് 1950-ൽ സ്ഥാപിതമായത്. ഇതിന് നേതൃത്വം നല്കിയ വ്യക്തികളാണ്ശ്രീ ചെങ്ങല്ലൂര് തിരുമേനി,തുടങ്ങിയവർ 84-ാം നമ്പർ അന്തി ക്കാട്പരസ്പരസഹായഹകരണസംഘമാണ്സ്കൂള് ആരംഭിചത്.സ്കളിന്റെ ഓഫീസുംസ്ററാഫ്റൂം അടങ്ങുന്നപഴയ കെട്ടിടങ്ങളിലാണ്അന്നത്തെപ്രവര്ത്തനംആരംഭിച്ചത്.സഹകരണസംഘമാണ് സ്കൂളിന്റെ എല്ലാപണിയും നടത്തിയിരുന്നത്.1972-ല് സഹകരണസംഘം നിർ ത്തൽ ചെയ്ത സാഹചര്യംവന്നപോശ സ്കൂളിലെസ്ററാഫ്,സ്കൂള് വിലക്കെടുക്കുകയായിരുന്നു.പിന്നീട് സ്ററാഫ് മാനേജ്മെന്റ് സ്വന്തമായുംധനം സമാഹരിച്ചും സിനിമപ്രദര്ശനം മുതലായവ നടത്തി.അതില് നിന്നുള്ള ലാഭം ഉപയോഗിച്ചും കെട്ടിടങ്ങളുടെ പണി തുടങ്ങി.കുട്ടികളുടെ എണ്ണവും ക്ലാസ് ഡിവിഷനുകളും വർധിച്ചപ്പോൾ സ്ററാഫ് മാനേജ്മെന്റ് തന്നെ ആവശ്യാനുസരണം കെട്ടിടങ്ങൾ നിർമ്മിചു. ആദ്യ വിദാർഥി ഭാസ്കരൻ ആയിരുന്നു. പക്ഷെ ക്ളാസ് രജിസ്ററിൽ ഒന്നാമത്തെ വിദാർഥി പട്ടാട്ട് അബ്ദുള്ള ആയിരുന്നു. ആദ്യ അധ്യാപകർ ശ്രീമതി കല്യാണിക്കുട്ടി,ശ്രീമതി അമ്മിണിയമ്മ,ശ്രീമതി ടി.കെ.ലളിത,ശ്രീമതി തങ്കം നേസ്യാർ,ആര്യദേവൻ മാസ്ററർ.ആദ്യം 5 മുതൽ 7-ാം ക്ളാസ് വരെയാണ് ഇവിടെ ക്ളാസ്സുകൾ നടത്തിയിരുന്നത്. പെരിങ്ങോട്ടുകര ഗവൺമെന്റ് ഹൈസ്കൂളും കണ്ടശ്ശാംകടവ് ഹൈസ്കൂളും മാത്രമാണ് ഈ പ്രദേശത്തുണ്ടായിരുന്ന ഹൈസ്കൂളുകൾ.അതിനാൽ നിർധന പട്ടിക ജാതി വിദ്യാർഥികൾക്ക് ഹൈസ്കൂൾ വിദ്യഭ്യാസം ലഭിച്ചിരുന്നില്ല. ഈ സ്കൂൾ സ്ഥാപിതമായതോടെ മററു സ്ഥലങ്ങളിൽ പോയി പഠിച്ചിരുന്ന വിദ്യാർഥികൾ ഈ സ്കളിലേക്ക് പ്രവേശിക്കാൻ തുടങ്ങി.കുട്ടികൾ വർധിച്ചതിനാൽ പിന്നീട് ഷിഫ്ററ് സമ്പ്രദായം നിലവിൽ വന്നു.


*7 മണിമുതൽ 12 മണി വരെ ഒരു വിഭാഗവും 1 മണി മുതൽ 5 മണി വരെ ഒരു വിഭാഗവുമായാണ് ക്ളാസ്സുകൾ നടത്തിയിരുന്നത്.അന്ന് 5-ാം ക്ളാസ് 9-ൽ കൂടുതൽ ഡിവിഷനും 6 ഉം 7 ഉം ക്ളസ്സുകൾ 12 ൽ*

*കൂടുതൽ ഡിവിഷനും ഉണ്ടായിരുന്നു.*
*സന്നദ്ധപ്രവർത്തകരുടെനിർബന്ധത്തിനവഴങ്ങി യാണ്പട്ടികജാതികുട്ടികൾവിദ്യാഭാസത്തിന്എത്തിതുടങ്ങിയത്.അതുംവളരെ കുറഞ്ഞതോതിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പെൺകുട്ടികൾ കുറവായിരുന്നു. അവർ പഠനകാര്യങ്ങളിൽ മുൻനിരയിൽ ഉണ്ടായിരുന്നെങ്കിലും പഠനേതരവിഷയങ്ങളിൽ പങ്കെടുത്തിരുന്നില്ല. കലാസാഹിത്യവേദികളിൽ സ്കൂളിന്ഇന്നത്തെക്കാൾപുരോഗതിഅന്നുണ്ടായിരുന്നു.വിപരീതമായി സമൂഹത്തിൽ ധാരാളം നേട്ടങ്ങൾ ഈ സ്കൂൾ മുഖേന ഉണ്ടായിട്ടുണ്ട്. കൂടുതൽ ദൂരം നടന്ന് സ്കൂളിലേക്ക്പഠിക്കാൻ പോയിരുന്ന വിദ്യാർഥികൾക്ക് വളരെയധികം ഉപകാരപ്രദമായിരുന്നു. ഇപ്പോൾ ഭാരവാഹിത്വം  വഹിക്കുന്ന പൂർവ്വവിദ്യാർഥി സംഘടനയുടെ സെക്രട്ടറി ടി.ആർ.പുഷ്പാംഗദൻ ആദ്യ എസ്.എസ്.എൽ .സി.ബാച്ചിൽപ്പെട്ട വിദ്യാർഥിയാണ്. വിവിധ മേഖലകളിൽ പ്രശസ്തരായ അനേകം പേർ ഇവിടത്തെ പൂർവ്വ വിദ്യാർഥികൾയിരുന്നു.ഡോക്ടർമാർ,എഞ്ചിനീയർ,അദ്ധ്യാപകർ നിയമജ്ഞർ മററു ഉദോഗസ്ഥർ ഇക്കൂട്ടത്തിലുണ്ട്.വിദ്യാർത്ഥികൾക്ക് വളരെ ഉപകാരപ്രദമായ കമ്പ്യൂട്ടർ മുറി സജ്ജമാക്കിതന്നതും കമ്പ്യൂട്ടറുകൾ സംഭാവന ചെയ്തതും പൂർവ്വ വിദ്യാർഥികളായിരുന്നു. മുൻ അധ്യാപകരായ ശ്രീ എൻ.ജി ജയചന്ദ്രൻ,കെ.ജി.ടി.നമ്പൂതിരി,ഹെഡ്മിസ്ട്രസ്സ് ആയിരുന്ന ടി.കെ . മിനി മുൻ ഹെഡ്മാസ്ററർ ആയിരുന്ന പി.സി.മോഹനൻ മാസ്ററർ, അധ്യാപകരായ സി.ഐ.മേരി,വി.ആർ.ബേബി,വി.ആർ.സതി, കെ.വി.സുമതി തുടങ്ങിയവരുംഇവിടത്തെതന്നെപൂർവ്വവിദ്യാർഥികൾ ആണ്.അനധ്യാപകരായ എൻ ഉണ്ണികൃഷ്ണൻ,എ പരമേശൻ,യു .എം ചന്ദ്രൻ,എം.വിജയകുമാർഎന്നിവരുംഇവിടത്തെതന്നെപൂർവ്വവിദ്യാർഥികൾ ആണ്.തൃശ്ശൂർ മെഡിക്കൽ കോളേജിലെ അസിസ്ററന്റ് പ്രൊഫസർ ആയിരുന്ന കെ.ബി. മോഹനൻ,സിനിമ സംവിധായകൻ സത്യൻഅന്തിക്കാട്,റവന്യൂമന്ത്രികെ.പി.രാജേന്ദ്രൻ,എംഎൽ.എ സുനിൽകുമാർ,ഡോക്ടർ അനീഷ്,ഡോക്ടർ പ്രദോഷ്,ഡോക്ടർ മോഹൻദാസ് എന്നിവരും ഇവിടത്തെ പൂർവ്വവിദ്യാർഥികളിൽ ഉൾപെടുന്നു. ആദ്യ കാലത്ത് ഈ സ്കൂൾ ഉന്നതനിലവാരം പുലർത്തിയിരുന്നു.രാഷ്ട്രീയ അതിപ്രസരവും തുടർന്നുള്ള വിദ്യാർഥി സമരങ്ങളും കാരണം വിജയശതമാനം കുറയാൻ തുടങ്ങി. 1994-ൽ ആണ് ഏറ്റവും കുറഞ്ഞ വിജയശതമാനം. പിന്നീട് വിജയശതമാനം ഉയർന്നുക്കൊണ്ടിരുന്നു.*


HIGHSCHOOL ANTHIKAD
EDUCATIONAL INSTITUTION BUS
tourister
Mahindra


ഹൈസ്ക്കൂൾ അന്തിക്കാട്





DUTY IS DIVINE

JAI HIND

# വ്യർഥമാം കണ്ണുനീർ

സ്വപ്നം കാണുന്ന മനുഷ്യാ
എന്തിനു നീ പൊഴിക്കുന്നു
നിൻ കണ്ണുനീർ



കാലമെന്ന അഗ്നിയിൽ വെന്തുരുകുബോൾ
കണ്ടുവോ നിൻ സഹജരേ നീ
മുഷിഞ്ഞ ജീവിത കുപ്പായവും അതിൽ

പൂക്കുന്ന മോഹപുഷ്പങ്ങളും
എന്തിനു തകർത്തു നീ പ്രകൃതിയെ
അതിൽ പുഴുക്കളാം സൃഷ്ടാവിൻ സൃഷ്ടിയെ

നിൻ സ്വാർത്ഥാഗ്നിയിൽ വെന്തുരുക്കി
നീ നിന്നെതന്നെ
പിന്നെയും എന്തിനു പൊഴിക്കുന്നു
നിൻ കണ്ണുനീർ മനുഷ്യാ.

പവൻ

# ബാല്യം


ഹരിതാഭമാർന്നൊരിൻ നാട്ടിലേക്ക്

മരങ്ങളിൽ തണൽ തീർത്തൊരിടവഴിയിൽ

നടന്നു നീങ്ങിയെൻ ബാല്യം

ഒരു നാൾ വിദ്യാലയമുറ്റത്തെത്തി

ആദ്യമായ് 'അ' എന്നെഴുതിയൊരെൻദിനം




മറക്കുമോ മനസ്സേ നീ

പുസ്തകതാളിൽ ഒളിപ്പിച്ച മയിൽപ്പീലിയെ

മാനം കാണാതെ സൂക്ഷിച്ചതും

വിദ്യ നൽകിയ എൻ അധ്യാപകരേയും



എൻ സഹപാഠികളേയും ഓർത്തു ഞാൻ

വീണ്ടുമാ വിദ്യാലയങ്കണത്തിൽ അതിഥിയായ്

എത്തി നിൽക്കുമ്പോൾ

വീണ്ടും ഓർക്കുന്നു ഞാൻ ആ പഴയ

സ്കൂൾ മണിനാദവും

ജയലക്ഷ്മി

# അമ്മ



സ്നേഹത്തിൻ സാഗരം
ആഴമറിയില്ലെ നിനക്കതിൽ
ചുഴിയിൽ അകപ്പെട്ടു ഞാൻ

മുങ്ങി നിവർന്ന് നീങ്ങവേ
എത്തി ഞാൻ ജീവിത തീരത്ത്
ദുഃഖ സന്തോഷങ്ങൾ പിന്നിട്ട വേളയിൽ
എന്നുമാവിരൽത്തുമ്പിലെ പിഞ്ചുപൈതലായ്

ഞാൻ വളർന്ന് വന്നു എൻ അമ്മയെന്ന
രണ്ടക്ഷരമുള്ളൊരു സ്നേഹ സാഗരത്തിൽ
ഒരിക്കലും നിലയ്ക്കാത്ത സ്നേഹതിരമാലയായ്

അരൂഷ്

# ജീവിതരാഗം

പാടുവാൻ അറിയാത്ത എൻ കൈകളിൽ

ജീവിതമാം വീണയാരോ തന്നു

മീട്ടി ഞാൻ അപശ്രുതികൾ അതിൽ പലതരം

ഒരു ദിനം മീട്ടി ഞാൻ ശ്രുതി ശുദ്ധമായ്

എൻചാരെ എൻ പാതി വന്ന നാളിൽ

പിന്നെ ഞാൻ പല രാഗങ്ങൾ മീട്ടിയതിൽ

താളലയങ്ങൾ സ്വരശുദ്ധമായ്

ഇന്നുമാവീണ മീട്ടുന്നു ഞാൻ


പൊട്ടാത്ത ജീവിത വീണ തന്ത്രിയിൽ.

ജിയോ

# ഒരു ഓർമ്മപ്പെടുത്തലായ്

ഒരു മണിമുഴക്കം. വിശ്രമസമയത്ത് വന്ന ആളെ ശപിച്ചുകൊണ്ട് ബാലു വാതിൽ തുറന്നു നോക്കിയപ്പോൾ മുഷിഞ്ഞ ഷർട്ടും പിഞ്ഞിതുന്നിയിട്ട മുണ്ടും നരച്ച താടിയും നീട്ടിവളർത്തിയ മുടിയുമായി ഒരു കോലം. ആദ്യം അറപ്പോടെ നോക്കിയെങ്കിലും ആ മുഖം എവിടെയോ മനസ്സിലുണ്ട്. ആ കണ്ണുകളിലേക്ക് അയാൾ വീണ്ടും വീണ്ടും നോക്കി. അതെ,തനിക്ക് പണ്ട് വിശന്നിരുന്ന സമയത്ത് തന്റെ പൊതിച്ചോറിൽ നിന്നും അതിന്റെ പാതി തന്ന് തന്റെ വിശപ്പ് മാറ്റിയിരുന്ന ആ രൂപം. പിന്നെ എങ്ങു നിന്നോ മാഷേ എന്നൊരു വിളി ഉയർന്നു വന്നു. മാഷിനെ ഇരുകൈ പുണർന്നപ്പോൾ ആ കണ്ണുനീർ കൊണ്ട് ബാലുവിന്റെ പുറം നനഞ്ഞു. മാഷെ, എന്റെ മാഷെ, ഇത് എന്താ പറ്റിയത്... അദ്ദേഹത്തിന് സങ്കടം കൊണ്ട് വാക്കുകൾ വന്നില്ല. ചുണ്ടുകൾ വിങ്ങി. കണ്ണുനീർ ഒഴുകി. എങ്കിലും അദ്ദേഹം പറഞ്ഞ് തുടങ്ങി. അന്ന് നിങ്ങളെ ഊട്ടിയ ഞാൻ ഇന്ന് ഭക്ഷണം നൽകാൻ ആളുകളുണ്ടായിട്ടും കിട്ടാത്ത അവസ്ഥയിലാണ്.
ഒരായിസ്സിലില്ലെ എന്റെ കഷ്ടപ്പാടിന്റെ ഫലമെല്ലാം അവർക്ക് നൽകി. ഒടുവിൽ അവർ എന്നെ ഉപേക്ഷിച്ചു. നീ ഇവിടെയുണ്ടെന്ന് അറിഞ്ഞ് വന്നതാണ്. എന്നെപ്പോലെ പലരും മക്കളാൽ, ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട് ഇവിടേയുണ്ട്. നീ എന്റെ നല്ലൊരു ശിഷ്യനായതുകൊണ്ടാണ് നിന്നെ കാണാൻ ഞാൻ വന്നത്. കളക്ടറായ നിനക്ക് എന്നെപോലെയുള്ളവരെ സഹായിക്കാൻ സാധിക്കുമല്ലോ? നാളെ ഇനി ഒരു മാതാപിതാക്കളും തെരുവിലുപേക്ഷിച്ചവരായി ഉണ്ടാകരുത്. 'ഇന്ന് ഞാൻ നാളെ നീ' എന്നവർ ചിന്തിക്കുന്നില്ല. ഞാൻ പറഞ്ഞ് തന്ന നല്ല പഴയ പാഠങ്ങൾ നിനക്ക് ഓർമ്മയുണ്ടെങ്കിൽ അതനുസരിച്ച് നീ പ്രവർത്തിക്കണം. എന്നാൽ ഞാൻ പോകട്ടേ എന്ന് പറഞ്ഞ് അദ്ദേഹം പുറത്തേക്ക് നടന്നു. പെട്ടെന്ന് സാറെ എന്നൊരുവിളി. ഞെട്ടി ഉണർന്ന് നോക്കുമ്പോൾ ഒരു കൈയിൽ ചായയും മറുകൈയിൽ പത്രവുമായി രാമേട്ടൻ. താൻ കണ്ടത് ഒരു സ്വപ്നമായിരുന്നു എന്ന് അപ്പോഴാണ് ബാലുവിന് മനസ്സിലായത്. ചായയും പത്രവുമായി സിറ്റൗട്ടിലെത്തി പത്രം നിവർത്തിയപ്പോൾ മക്കളാൽ ഉപേക്ഷിക്കപ്പെട്ട അധ്യാപകൻ വഴിയരികിൽ മരിച്ചനിലയിൽ. അതെ തന്റെ അടുത്ത് വന്ന് തന്നോട് സംസാരിച്ച തന്റെ മാഷായിരുന്നു അത്. അയാളറിയാതെ അയാളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകാൻ തുടങ്ങി. മാഷിന്റെ ഈ അവസ്ഥയ്ക്ക് താനും ഒരു കാരണമാണല്ലോ?തന്റെ തിരക്കുകൾക്കിടയിൽ മാഷിനെക്കുറിച്ച് അന്വേഷിക്കുവാനോ വിവരങ്ങൾ തിരക്കുവാനോ ശ്രമിച്ചില്ല. ശ്രമിച്ചിരുന്നെങ്കിൽ ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ല എന്നയാൾ ഓർത്തുപോയി. ഇനിയും ഇതുപോലെ ഒരു അധ്യാപകനും മാതാപിതാക്കൾക്കും സംഭവിക്കരുത് എന്നയാൾ മനസ്സിൽ തീരുമാനിച്ചു.
(കഥ അവസാനിച്ചു)

പവി.ടി.ബി


LIJO JOSE PELLISSERY'S
PRODUCER O THOMAS PANICKER
S HAREESH, R JAYAKUMAR
TINU PAPPACHAN
GIRISH GANGADHARAN
DEEPU JOSEPH
PRASHANT PILLAI
GOKUL DAS
SALAHUDIN NAUSHAD
RENGANAATH RAVEE
SUNIL SINGH
ANSON ANTONY
RONEX XAVIER
ARJUN KALLINGAL
OLDMONKS

## Jallikkattu Movie Review: 'ജല്ലിക്കട്ടി'ലെ താരങ്ങൾ

ചെമ്പൻ വിനോദ്, ആന്റണി പെപ, സാബു മോൻ, ജാഫർ ഇടുക്കി തുടങ്ങിയ പ്രധാന താരങ്ങളെല്ലാം കഥാപാത്രങ്ങളിലേക്ക് കൂട് വിട്ട് കൂടുമാറുന്ന അഭിനയമികവിന്റെ ദൃഷ്ടാന്തം കൂടിയാണ് ഈ സിനിമയിൽ. ഒരു വളർത്തു മൃഗത്തെ ചിത്രീകരിക്കേണ്ടി വരുന്ന സിനിമകളിൽ പോലും 'No Animals Were Harmed in the Making of This Film' എന്നെഴുതി കാണിക്കേണ്ട സെൻസർ ബോർഡ് നിർദ്ദേശങ്ങൾ പാലിക്കാൻ നിർബന്ധിതരാണ് ഇപ്പോഴത്തെ ചിത്രങ്ങൾ. സ്വയം വിരണ്ടും ഒരു നാടിനെ വിരട്ടിയും വന്യതയോടെ കുതിക്കുന്ന ഒരു പോത്തിനു ചുറ്റും കിടന്നു കറങ്ങുന്ന ഒരു സിനിമയിൽ, ഇല്ലാത്ത പോത്തിനെ വെച്ച് ആ വന്യത കൊണ്ടു വരികയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ പോത്ത് സ്ക്രീനിൽ നിറയുമ്പോഴെല്ലാം തിയേറ്റർ തണുപ്പിലും ഭീതി പ്രേക്ഷകരിലേക്ക് അരിച്ചു കയറുന്നുവെങ്കിൽ അത് മേക്കിംഗിന്റെ വിജയമാണ്. അയഥാർത്ഥമായ ബിംബങ്ങളെ പോലും റിയലിസ്റ്റിക് ആക്കുകയാണ് ലിജോയുടെ 'മാജിക്കൽ മേക്കിംഗ്'.

ദൃശ്യങ്ങളും ശബ്ദവുമാണ് ജല്ലിക്കെട്ടിനെ മറ്റൊരു തലത്തിലേക്ക് നയിക്കുന്ന ഘടകങ്ങൾ. ക്യാമറക്കണ്ണുകൾ ഏതൊക്കെ ആംഗിളിൽ നിന്നാണ് പോത്തിനൊപ്പം ഓടുന്ന ആ ആൾക്കൂട്ടചലനങ്ങളെ ഒപ്പിയെടുത്തിരിക്കുന്നതെന്ന് വിസ്മയത്തോടെ മാത്രമേ ഓർക്കാൻ കഴിയൂ. പെട്രോമാക്സിന്റെയും തീപന്തങ്ങളുടെയും ടോർച്ചിന്റെയും വെളിച്ചത്തിൽ ഇരമ്പിയാർക്കുന്ന കടലു പോലെ കുതിക്കുന്ന മനുഷ്യർ. കാടിന്റെയും രാത്രിയുടെയും തീക്ഷ്ണവും വന്യവുമായ സൗന്ദര്യം മതിയാവോളം ഒപ്പിയെടുക്കുകയാണ് ഗിരീഷ് ഗംഗാധരന്റെ ക്യാമറക്കണ്ണുകൾ. സമീപകാലത്ത് മലയാളസിനിമ കണ്ട ഏറ്റവും മികച്ച വിഷ്വൽ ട്രീറ്റാണ് 'ജല്ലിക്കെട്ടി'ന്റേത് നിസ്സംശയം പറയാം.

സ്ക്രീനിൽ നിന്ന് കണ്ണെടുക്കാനാവാതെ, ശ്രദ്ധ മാറ്റാനാവാതെ പ്രേക്ഷകനെ കൊളുത്തിയിടുകയാണ് പ്രശാന്ത് പിള്ളയുടെ പശ്ചാത്തലസംഗീതം. ചിത്രത്തെ ചടുലമാക്കി മുന്നോട്ട് കൊണ്ടുപോവുന്നതിൽ പശ്ചാത്തലസംഗീതത്തിനുള്ള പങ്ക് ചെറുതല്ല. രംഗനാഥ് രവിയുടെ സൗണ്ട് ഡിസൈനും എടുത്തു പറയേണ്ടതാണ്. വളരെ സൂക്ഷ്മമായി, കണിശതയോടെ, കാഴ്ചയ്ക്ക് ഒപ്പം തന്നെ സഞ്ചരിക്കുന്നുണ്ട് പശ്ചാത്തലത്തിലെ ഓരോ ചെറുശബ്ദവും. തിരശ്ശീല കാഴ്ചയോ യാഥാർത്ഥ്യമോ എന്ന് ഭ്രമിപ്പിക്കുന്നുണ്ട് 'ജല്ലിക്കെട്ടി'ന്റെ ശബ്ദപ്രപഞ്ചം.

സ്ക്രീനിൽ നിന്ന് കണ്ണെടുക്കാനാവാതെ, ശ്രദ്ധ മാറ്റാനാവാതെ പ്രേക്ഷകനെ കൊളുത്തിയിടുകയാണ് പ്രശാന്ത് പിള്ളയുടെ പശ്ചാത്തലസംഗീതം. ചിത്രത്തെ ചടുലമാക്കി മുന്നോട്ട് കൊണ്ടുപോവുന്നതിൽ പശ്ചാത്തലസംഗീതത്തിനുള്ള പങ്ക് ചെറുതല്ല. രംഗനാഥ് രവിയുടെ സൗണ്ട് ഡിസൈനും എടുത്തു പറയേണ്ടതാണ്. വളരെ സൂക്ഷ്മമായി, കണിശതയോടെ, കാഴ്ച്ചയ്ക്ക് ഒപ്പം തന്നെ സഞ്ചരിക്കുന്നുണ്ട് പശ്ചാത്തലത്തിലെ ഓരോ ചെറുശബ്ദവും. തിരശ്ശീല കാഴ്ചയോ യാഥാർത്ഥ്യമോ എന്ന് ഭ്രമിപ്പിക്കുന്നുണ്ട് 'ജല്ലിക്കെട്ടി'ന്റെ ശബ്ദപ്രപഞ്ചം.

# ബ്ലൂ ആർമി


BLUE ARMY
High School
Anthikkad
ഹൈസ്കൂൾ അന്തിക്കാട്
ബ്ലൂ ആർമി
ജലരക്ഷ... ജീവരക്ഷ...


SPC
WE LEARN TO SERVE


2019.08.13 10:39





# പ്രളയം ചിത്രങ്ങൾ


STAND WITH KERALA


ഉള്ളിൽ തട്ടി തന്നെ
പ്രാർത്ഥിക്കാം...
നമ്മുടെ കേരളത്തിനായി






ആകാശം ഇത്രമേൽ
കരയണം എങ്കിൽ
ഭൂമിയെ എത്ര മാത്രം
വേദനിപ്പിച്ചിട്ടുണ്ടാകും
മനുഷ്യൻ.....!!!!






ഞാൻ കണ്ട
ദുരന്തം !!









# പ്രളയം തുടർകഥയാകുമ്പോൾ

ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണിത്. മഹാപ്രളയങ്ങൾ തുടർകഥകളാകുമ്പോഴാണ് ഈ വിഷയം നമുക്കിടയിൽ പ്രസക്തമാകുന്നത്. കേരളത്തിൽ ഉണ്ടായിരുന്ന പഴയ ആണ്ടറുതികൾക്ക് പുറമെ ഇന്ന് നമുക്ക് പരിചിതമായി പുതിയൊരു ഭൂമിയുടെ പ്രതിഭാസം കൂടി നമ്മുക്ക് മുമ്പിൽ അരങ്ങുതകർക്കുകയാണ്. ഒരുതരത്തിൽ ചിന്തിച്ചാൽ ഇത് ഭൂമിസൃഷ്ടിയല്ല മറിച്ച് അത് മനുഷ്യൻ സൃഷ്ടിച്ച് നൽകിയ യമവേഷം സ്വീകരിച്ച് തകർത്താടിയ ഒരു മഹാവിപത്താണ്.

നമുക്കൊന്ന് തിരിഞ്ഞുനോക്കേണ്ടതായുണ്ട്. പണ്ട് ഭൂമിയെ അമ്മയായും, ദേവിയായും, വികാരങ്ങളായും കണ്ടിരുന്ന നമ്മുടെ പൂർവികരുടെ കാലം, മണ്ണിനെയും, മലകളെയും മരങ്ങളും സ്നേഹിച്ച്. അരുണനേയും, വരുണനേയും അഗ്നിയേയും വാഴ്ത്തി ആദരിച്ചകാലം.

നാം മരങ്ങൾ മുറിച്ചും, മണ്ണ് ഇടിച്ച് നിരത്തിയും മണൽ വാരിയും പ്രകൃതിയാകുന്ന അമ്മയെ കൊല്ലാകൊല ചെയ്യുകയാണ്. എന്നാൽ ഇതിനുള്ള ശിക്ഷ ഒരിക്കലല്ലെങ്കിൽ ഒരിക്കൽ നമുക്ക് തിരിച്ചുലഭിക്കുമെന്ന് ഓർക്കാൻ നാം മറന്നുപോകുന്നു. പ്രകൃതിയെ സ്നേഹിക്കാൻ തയ്യാറാവുന്നവർക്കെ അവരുടെ ചുറ്റിലുള്ളവരെയും സ്നേഹിക്കാൻ കഴിയൂ. പ്രകൃതിയുമായി വച്ചു പുലർത്തേണ്ട ബന്ധത്തെക്കുറിച്ച് മനുഷ്യന് ഇന്നും ഒരു ധാരണയുമില്ല.

നാം മാറേണ്ടതായിട്ടുണ്ട്. നമ്മൾ നശിപ്പിച്ച പ്രകൃതിയെ നമ്മൾ തന്നെ തിരിച്ചുപിടിക്കേണ്ടതായിട്ടുണ്ട്. പ്രകൃതിയെ സ്നേഹിക്കുന്ന പുതു തലമുറയെ വാർത്തെടുക്കുന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

ആദിരൂപ.യു.എം

# ഒറ്റയ്ക്കുള്ള യാത്രയിൽ ഒരപകടം

ഞാൻ ബസ്സിലെ ജനലരികിലാണ് ഇരിക്കുന്നത്. എന്റെ അടുത്ത് ഇരിക്കുന്നത് ഏകദേശം ഒരു ഇരുപത് പ്രായം തോന്നിക്കുന്ന ഒരു കുട്ടിയാണ്. എന്തോ അവനും എന്നെപ്പോലെ യാത്ര ചെയ്യാനാണ് ആഗ്രഹം. ഞാൻ പതിയെപതിയെ അവന്റെ സൗഹൃദം പിടിച്ചുപറ്റി. ഞാൻ കുറച്ച് കാര്യങ്ങൾ അന്വഷിച്ചു. കണ്ടാൽ ആളൊരു പോക്കിരിയാണെങ്കിലും കേട്ടപ്പോൾ ഒരു സാധുവാണെന്ന് മനസ്സിലായി.

തമിഴ്നാട്ടിലെത്താൻ ഇനിയും സമയമുണ്ട്. ഞാനൊരു നാരങ്ങഎടുത്തു. ചർദ്ദിയുടെ ചെറിയൊരു ലക്ഷണമുണ്ടായിരുന്നു. ഞാൻ നാരങ്ങ മണപ്പിച്ചുകൊണ്ടിരുന്നു. ഞാനാ കുട്ടിയോട് പേര് ചോദിച്ചു. പേര് അതുൽ എന്നാണ്. ഞാനവനോട് അടുത്ത യാത്ര എവിടേയ്ക്കാണെന്ന് ചോദിച്ചു. അവൻ അടുത്തത് നെല്ലിയാംപതിക്കാണ് പോകുന്നത് എന്ന് മറുപടി. ഞാനും അടുത്തത് നെല്ലിയാംപതിക്കാണ് അതുകൊണ്ട് അവന്റെ ഒപ്പം ഞാനും നടന്നു. തമിഴ്നാട്ടിലെ ചുറ്റൽ കഴിഞ്ഞപ്പോൾ ഞങ്ങൾ നെല്ലിയാംപതിക്ക് തിരിച്ചു. ബസ്സിൽ വെച്ച് ഞാൻ അതുലിനോട് തന്റെ കുടുംബത്തിനെക്കുറിച്ച് ചോദിച്ചു. അച്ഛനും അമ്മയും അനുജത്തിയും ഉള്ള ഒരു ചെറിയ കുടുംബമാണ് അവന്റേത്. ഞാനവന്റെ കൈയിൽ ഒരു മുറിവിന്റെ ഒരടയാളം കണ്ടു. എന്തുപറ്റിയതാണെന്ന് ചോദിച്ചപ്പോൾ തന്റെ കൈ കോണിപടിയിലെ കമ്പിയിൽ ഒരഞ്ഞതാണ് മറുപടി. ചെറിയൊരു കോറലാണ് വീട്ടിൽ ചെന്നപ്പോൾ തന്റെ കൈയിലെ മുറിവ് കണ്ട് ഡോക്ടറെക്കാണിക്കാൻ പോകാം മരുന്നുവെയ്ക്കാം, തുണിവച്ച്കെട്ടാം അങ്ങനെ അങ്ങനെ വിഭ്രാന്തിയോടെ ഓടിനടക്കുന്ന മാതാപിതാക്കളാണ് അവന്റേത്. ഒരു ചെറിയ പോറൽ പറ്റിയാൽ പേടിക്കുന്ന അച്ഛനമ്മമാരാണ് അതുലിന്റേത്. ഞങ്ങൾ സംസാരിച്ച് നേരം പോയതറിഞ്ഞില്ല. അവസാനം നെല്ലിയാംപതിയിലെത്തി. എത്തികഴിഞ്ഞപ്പോൾ സമയം രാത്രിയായിരുന്നു. ഞങ്ങൾ രണ്ടു പേരും ഒരു ലോഡ്ജിൽ ഒരു മുറിയെടുത്തു. അവന്റെ പേഴ്സിൽ അവന്റെ അച്ഛന്റെയും അമ്മയുടെയും അനുജത്തിയുടെയും ഫോട്ടോകൾ ഉണ്ടായിരുന്നു. അവൻ അതെടുത്ത് അവരെ പരിചയപ്പെടുത്തിത്തന്നു. തന്റെ കുടുംബത്തിനെ കുറിച്ച്

*പറയുമ്പോൾ അവന്റെ മുഖത്തെ സന്തോഷം എനിക്ക് കാണാൻ പറ്റുമായിരുന്നു. അവൻ എന്റെ കുടുംബത്തിനെക്കുറിച്ച് ചോദിച്ചു. ഞാൻ പറഞ്ഞു "എനിക്ക് കുടുംബം ഉണ്ടെങ്കിലല്ലേ വെല്ലതും പറയാൻ പറ്റൂ" എന്ന് ഞാൻ പറഞ്ഞു. അങ്ങനെ ഞങ്ങൾ ഒരു മുറിയിൽ ഒരു കിടക്കയിൽ കിടന്നുറങ്ങി. ഞാൻ കിടക്കുമ്പോൾ വിചാരിച്ചു ഒരു പരിചയമില്ലാത്ത ആളുടെ അടുത്ത് അതുലിന് എങ്ങനെ കിടക്കാൻ പറ്റുമെന്ന് വിചാരിച്ച് ഞാൻ ലൈറ്റ് ഓഫാക്കി.*

*സൂര്യപ്രകാശം ജനലിനുള്ളിൽ കൂടി എന്റെ മുഖത്തു വന്ന് പതിച്ചു. ഞാൻ എഴുന്നേറ്റ് അതുലിനെ നോക്കി. ആളെകാണുന്നില്ല.*
*ആ ഒറ്റനിമിഷത്തേക്ക് അവൻ ഒരു കള്ളനാണെന്ന് വിചാരിച്ചു. ഞാൻ ആദ്യം തന്നെ എന്റെ ബേഗിൽ എന്റെ കാശ് ഉണ്ടോന്ന് നോക്കി. കാശ് കണ്ടപ്പോൾ എന്റെ മനസ്സിൽ ഒരാശ്വാസം തോന്നി. പിന്നെ ഞാൻ പുറത്തിറങ്ങി നോക്കിയപ്പോൾ ആൾ ഒരുപൊതിയും പിടിച്ച് വീടിനരികിലേക്ക് വരുന്നു. അതുൽ പറഞ്ഞു "സാറിനെ എഴുന്നേൽ പ്പിക്കേണ്ട  എന്നു വിചാരിച്ചു. അതുകൊണ്ട് കുറച്ച് ഭക്ഷണം വാങ്ങാൻ പോയതാ."അവനെക്കുറിച്ചുള്ള തെറ്റുധാരണ ഒരു തെറ്റാണെന്ന് എനിക്കന്ന് മനസ്സിലായി. ഞങ്ങൾ ബ്രേക്ക്ഫാസ്റ്റ് കഴിച്ച് യാത്രതിരിച്ചു. സമയം എട്ടര ബസ്സ് ഞങ്ങളെ നെല്ലിയാംപതിയിൽ ഇറക്കി. നേരെ കാണുന്നത് ഒരു വഴിയാണ്. ചെറിയവളവും തിരിവും ഉണ്ട്. വഴിയിൽ കല്ലുകൾ പൊന്തിനിൽക്കുന്നു. ആ വഴിയിലേക്ക് കടക്കുന്നതിനു മുൻപ് തന്നെ ഒരു ബോർഡിൽ 'സിതാർഗുണ്ട് ' എന്നെഴുതിവച്ചിട്ടുണ്ട്. എനിക്കത് മനസ്സിലായില്ല. ആവഴി കഴിഞ്ഞ് എത്തുന്നത് ഇടതുവശത്തേക്കുള്ള ഒരു വഴിയിലേക്കാണ്. ആ വഴിയിലൂടെ നടക്കുംമ്പോൾ ഇടതു വശത്ത് കാടും വലതുവശത്ത് മലചെരിവുമാണ് ഉള്ളത്. താഴേക്ക് നോക്കിയാൽ ചെറിയ ചെറിയ നെൽപാടങ്ങളും വീടുകളും കാണാം. ചെരിവുകളിൽ നെല്ലിമരങ്ങളും ഉണ്ട്. കാടിനെക്കുറിച്ച് പറഞ്ഞാൽ അതിനുള്ളിലേക്ക് പോകുംമ്പോൾ ഒരു വഴിയുണ്ട് ആ വഴിയിലൂടെ നടന്ന് എത്തുന്നത് തേയിലതോട്ടങ്ങളിക്കാണ്*
*കാണാൻ നല്ല ഭംഗിയാണ്, ഒരേ ലെവലിൽ വെട്ടിനിർത്തിയിരിക്കുന്നത് കാണാൻ. അങ്ങനെ അങ്ങനെ കുറേ വഴികളുണ്ട്. പോകുന്ന  വഴിയിൽ*

മുഴുവനും കുരങ്ങൻമാരാണത്. കൈയിൽ അവർക്കിഷ്ടപ്പെട്ടത് വല്ലതും ഉണ്ടെങ്കിൽ അവരത് കൈക്കലാക്കും. കൊടുത്തില്ലെങ്കിൽ തട്ടിപറിക്കും. അതുകൊണ്ട് ഫോൺ ആരുടെയും കൈയിൽ കാണില്ല.
ഞങ്ങൾ അങ്ങോട്ട് നടന്നു. വഴിയിൽ കല്ലുകൾ മുട്ടകൾപോലെ ഉരുണ്ട് പൊന്തിനില്ക്കുന്നുണ്ടായിരുന്നു. വഴിയിൽ വച്ച് ഞങ്ങൾഒരു ചെറിയൊരു കട കണ്ടു. ഞാനുദ്ദേശിച്ചത് ഒരു ടേബിളിൽ കുറേ പാത്രങ്ങളിൽ ഉപ്പിലിട്ട കുറേ ഭക്ഷ്യസാധനങ്ങൾ. ഞങ്ങൾ അത് വാങ്ങിച്ചു കഴിച്ചു.
മുൻപിൽ വലിയ വലിയ മലകൾ കാണാം. എന്റെ ചെവി അടഞ്ഞു. വഴിയിൽ ആളുകൾ മലയുടെ വക്കത്തുവെച്ച് ഫോട്ടോകൾ എടുക്കുന്നുണ്ടായിരുന്നു. ഞങ്ങൾക്കതുകണ്ട് ഭയമായി. എനിക്കാദ്യം കുരങ്ങൻമാർക്ക് കുറച്ച് ബിസ്കറ്റുകൾ കൊടുക്കണമെന്ന ആഗ്രഹമുണ്ടായിരുന്നു. ഒരെണ്ണം കൊടുത്തപ്പോൾ എന്റെ പിന്നാലെ തന്നെ വരുന്നു. എനിക്ക് പേടിയായി. അവസാനം കൈയിലുള്ള ബിസ്കറ്റു പേക്കറ്റ് മുഴുവനും ഇട്ടുകൊടുത്തു. അവർ അതിനു പുറകിൽ പോയി.
യാത്ര അവസാനിപ്പിച്ചിട്ട് ഞങ്ങൾ ബസ്സിൽ കയറി. പോകുന്ന വഴിയിൽ ഞാൻ കണ്ടത് മരങ്ങൾ കുറവാണ് മല ഇടിഞ്ഞുപോയിരിക്കുന്നു. ഞാൻ ആദ്യം വന്നപ്പോൾ ഇവിടെ വൃക്ഷങ്ങൾകൊണ്ട് നിറഞ്ഞിരുന്നു. പ്രകൃതിയുടെ മാംസം കീറിയെടുക്കുന്ന മനുഷ്യനിർമിതമായ മണ്ണുമാന്തിയന്ത്രങ്ങളെ ഞാൻ കണ്ടു. കടപുഴകിവീഴുന്ന വൃക്ഷങ്ങളെ ഞാൻ കണ്ടു. അതുകണ്ടപ്പോൾ ഭൂമിക്ക് ഏതാനും കുറച്ചു നാളുകൾ മാത്രമേ ആയിസ്സുള്ളു എന്നെനിക്ക് തോന്നി. പ്രകൃതിയാകുന്ന അമ്മയെ നമ്മൾ തന്നെ ഇഞ്ചിഞ്ചാക്കി നശിപ്പിക്കുകയാണ്. എത്ര പ്രളയം വന്നാലും നമ്മൾ പഠിക്കില്ല എന്നെനിക്ക് മനസ്സിലായി.

പെട്ടെന്ന് ഞങ്ങളുടെ ഓപ്പോസിറ്റായി ഒരു വണ്ടി വേഗത്തിൽ വരുന്നുണ്ടായിരുന്നു. ആ വണ്ടിയിൽ തട്ടി ഞങ്ങളുടെ വണ്ടി മലയുടെ ചെരുവിലേക്ക് മറഞ്ഞു. വൃക്ഷങ്ങളുടെ ചില്ലകളിലും വള്ളികളിലും തട്ടി വണ്ടി നിന്നു. എല്ലാവരെയും മുകളിലേക്ക് കയറ്റി ഞാൻ അതുലിനെ തപ്പുമ്പോൾ വണ്ടി താഴേക്ക് താഴുവാൻ തുടങ്ങി. വൃക്ഷങ്ങൾക്ക് വണ്ടിയുടെ ഭാരം താങ്ങുവാൻ കഴിയുന്നുണ്ടായിരുന്നില്ല, ഞാൻ മുകളിലേക്ക് കയറി. വണ്ടിയിൽ അവനൊഴികെ എല്ലാവരും രക്ഷപ്പെട്ടു. എല്ലാവരേയും രക്ഷിക്കുന്നതിനിടയിൽ ഞാനവനെ

കണ്ടിട്ടുണ്ടായിരുന്നു. ഒരു നിമിഷം ഞാൻ അവനെ നോക്കി. ആനോക്കലിൽ അവന്റെ കണ്ണുനിറയുന്നുണ്ടായിരുന്നു. ആ നോക്കലിന്റെ അർഥം എനിക്ക് മനസ്സിലായില്ല. എല്ലാവരേയും രക്ഷിച്ച് കഴിഞ്ഞപ്പോൾ അവനെ കാണുന്നില്ല. പിന്നെയല്ലേ മനസ്സിലായത് എല്ലാവരേയും രക്ഷിച്ചിട്ട് അവനങ്ങ് പോയി. എനിക്കവന്റെ പേഴ്സ്കിട്ടി. അതിൽ അവന്റെ വീടിന്റെ അഡ്രസ്സ് ഉണ്ടായിരുന്നു. പോലീസുക്കാർ അന്വേഷണം നിർത്തിവച്ചു. ഇനി തപ്പിയിട്ട് കാര്യമില്ല, എന്നു പറഞ്ഞു. എന്റെ മനസ്സ് വെന്തുരുകി. ഞാനവന്റെ വീട്ടിൽപോയി. വിഷമിച്ചിരിക്കുന്ന അവന്റെ കുടുംബത്തെ ഞാൻ കണ്ടു. അവന്റെ സാധനങ്ങൾ അവരെ ഞാൻ ഏൽപ്പിച്ചു. അവരുടെ കൈയിൽ അവനെ പഠിപ്പിക്കാൻ പ്രയാസപ്പെട്ടുള്ള അധ്വാനത്തിന്റെ തയംമ്പുകൾ ഞാൻ കണ്ടു.

കിടന്നുറങ്ങുമ്പോൾ അവന്റെ മുഖം എന്റെ മനസ്സിൽ കയറിഇറങ്ങി. അവന്റെ ചിരിയും പറഞ്ഞ കാര്യങ്ങളും അന്ന് എന്നെ ഉറങ്ങാൻ സമ്മതിച്ചില്ല. ഞാൻ അവന് ഒരു വാക്ക് കൊടുത്തിട്ടുണ്ടായിരുന്നു. അവനെ ഇന്ത്യ മുഴുവൻ യാത്ര ചെയ്ത് അവന്റെ ആഗ്രഹം സാധിച്ചു കൊടുക്കും എന്നു പറഞ്ഞു. ഞാനെന്തിന് അവനായിട്ട് കൂട്ടുക്കൂടി എന്തിന് വാക്ക് കൊടുത്തു. ഈ കാര്യങ്ങൾ ഞാൻ ഒരിക്കലും മറക്കില്ല. മറക്കാൻ ശ്രമിച്ചാലും മറക്കാൻ അനുവദിക്കുന്നില്ല.

ഈ യാത്ര ഒരിക്കലും ഞാൻ മറക്കില്ല. ആ വാക്കും.

(ഒറ്റക്കുള്ള യാത്രയിൽ ഒരപകടം)

വിഷ്ണുദാസ്.പി.കെ